LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 29, ബുധൻ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1986 ഒക്ടോബർ 29-ാം തീയതി രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ .....

വിദ്യുച്ഛക്തി ബോർഡിൽ നിരുത്തലാക്കിയ തസ്തികകൾ

* 131. [134] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
ഡോക്ടർ എ. സുബ്ബറാവു
ശ്രീ. വി. കെ. രാജൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ എത്ര തസ്തികകൾ നിരുത്തലാക്കി ;
(ബി) നിരുത്തലാക്കിയ തസ്തികകൾ ഏതെല്ലാം ;
(സി) ഇവ നിരുത്തലാക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) 8938 തസ്തികകൾ നിരുത്തലാക്കുകയും 1367 തസ്തികകൾ പുതുതായി അനുവദിക്കുകയും ചെയ്തു.

(ബി) ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) കാര്യക്ഷമതയെ മുൻനിറുത്തി ആഫീസുകളും പുനഃക്രമീകരിച്ചതുമൂലവും പുതിയ പ്രോജക്റ്റുകളും ഏറെറടുത്തു നടത്താത്തതുമൂലവും ഭരണപരമായ ചെലവുകളും കുറച്ച് ബോർഡ് ലാഭകരമായി പ്രവർത്തിക്കണമെന്ന നിയമം നിലവിൽ വന്നതുകൊണ്ടുമാണ്.

(വിശദീകരണക്കുറുപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) †

ശ്രീ. കെ. പി. പ്രഭാകരൻ : നിറുത്തലാക്കിയ തസ്തികകളുടെ കാര്യമാണ് ഞാൻ ചോദിച്ചത്. ഇപ്പോൾ പുതിയതായിട്ട് കൊടുത്തതാണ് മന്ത്രി പറയുന്നത്. ആ ലിസ്റ്റ് പരിശോധിച്ചപ്പോൾ ഈ പുതിയതായിട്ട് കൊടുത്തുവെന്ന് പറയുന്നത് നിലവിലുള്ള പോസ്റ്റുകളിലും മാറ്റം വരുത്തിയതിന്റെ ഫലമായിട്ടുണ്ടായതാണ്. അതല്ലാതെ പുതിയ നിയമനമല്ല. 1978-ലെ ലോംഗ് ടേം എഗ്രിമെന്റ് അനുസരിച്ച് തൊഴിലാളികൾക്ക് വർക്ക് നോംസ് നിശ്ചയിച്ചിരുന്നു. അപ്പോൾ കൂടുതൽ കണക്ഷനുകിന്റെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് സെക്ഷൻ ആഫീസുകൾ വർദ്ധിപ്പിക്കുന്നതിന്റെയും അതിന് അനുപാതമായിട്ടുള്ള സ്റ്റാഫുകളുടെ എണ്ണം വർദ്ധിക്കുന്നതിനെയൊക്കെ സംബന്ധിച്ചും അതിൽ വ്യക്തമായിട്ട് വ്യവസ്ഥ ചെയ്തിരുന്നതാണ്. അതിലെ വ്യവസ്ഥ അനുസരിച്ചാണെങ്കിൽ ഇപ്പോൾ മന്ത്രി അവകാശപ്പെടുന്നതനുസരിച്ച് ഇക്കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് ലക്ഷക്കണക്കിന് കണക്ഷൻസ് കൂടുതലായി കൊടുത്തതായിട്ട് കണക്കുകൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിന്റെ ഫലമായിട്ട് നമുക്ക് കണക്ഷൻസിന്റെ എണ്ണം വർദ്ധിക്കുകയും വർക്ക് വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ കാലഘട്ടത്തിൽ ഈ 8,000-ത്തിൽ, ആയിരത്തിനാനൂറിൽ ചിലപ്പോൾ കഴിച്ചാൽ തന്നെയും എത്രാണ്ട് ഏഴായിരം തസ്തികകൾ കുറയ്ക്കുവാൻ എങ്ങനെ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ? ആ വർക്ക് നോംസിൽ വല്ല ഭേദഗതിയും യൂണിയനുകളുടെ അംഗീകാരത്തോടു കൂടിയാണോ ചെയ്തിരിക്കുന്നത് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഈ അനാവശ്യജോലിക്കാർ വേണ്ടെന്നുവയ്ക്കുകയും ആവർത്തനസ്വഭാവമുള്ള ജോലികൾ വേണ്ടെന്നു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് 1979-ഓടുകൂടി നൂറു യൂണിറ്റ് വിദ്യുച്ഛക്തി ഉപയോഗിക്കുന്നവർക്ക് സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തിയിരുന്നു. 100 യൂണിറ്റ് കഴിയുന്നവർക്ക്കൂടി പ്രൊവിഷണൽ കാർഡ് സമ്പ്രദായം 1979-ന്റെ ശേഷം ഏർപ്പെടുത്തി. അതിന്റെ ഫലമായി മീറർ റീഡേഴ്സിന്റെ ജോലി ആറിലൊന്നായി മാറിയപ്പോൾ അതിന്റെ ഫലമായി ഉണ്ടായതാണ് തസ്തികകളുടെ കുറവ്. അതുപോലെതന്നെ ബില്ലിംഗ്. ബിൽ എഴുതുന്നതിന് ഉണ്ടായിരുന്ന ജോലി പ്രൊവിഷണൽ കാർഡും സ്ലാബും വന്നതോടുകൂടി 1800 ബില്ലുകൾ തയ്യാറാക്കേണ്ട ഒരാൾ, ജോലി വളരെ ലഘൂകരിച്ചു എന്നുള്ളതുകൊണ്ടും സ്ലാബ് കാർഡ് എൻറർചെയ്താൽ മതിയെന്നുള്ളതുകൊണ്ടും അതിൽ കുറവ് വന്നു. അതുപോലെ തന്നെ പ്രോജക്റ്റുകൾ പലതും വേണ്ടെന്നു വയ്ക്കേണ്ടിവന്നതുകൊണ്ടും സൈലൻറ്വലി,കാരപ്പാറ, കുരിയാർകുട്ടി മുതലായ പ്രോജക്റ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി അനുവദിച്ച സ്റ്റാഫുകളെ ഉപയോഗിക്കേണ്ടിവരാത്തതുകൊണ്ടും മറ്റുജോലികൾക്ക് അയയ്ക്കേണ്ടി വന്ന

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

വന്നതുകൊണ്ടും പ്രോജക്റ്റുകൾക്ക് വേണ്ടി അനുവദിച്ച തസ്തികകൾ നിർത്തലാക്കേണ്ടിവന്നു. ഇതുമാത്രമല്ല, ഇൻഡ്യാഗവൺമെൻറ് നിയമിച്ച രാജാദ്ധ്യക്ഷാ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1979-ൽ തന്നെ സംസ്ഥാന വിദ്യുച്ഛക്തി ബോർഡുകളോട് നമ്മുടെക്ക് സ്റ്റാഫ് പാറ്റേൺ വളരെ കൂടുതലാണെന്നും ഇത് അമേരിക്കയിൽ 1.2-ം ബ്രിട്ടനിൽ 1.4-ം ജപ്പാനിൽ 1.3-ം ഇൻഡ്യയിലെ ആവേറേജ് ഒരു മെഗാവാട്ട് വിദ്യുച്ഛക്തി വിതരണത്തിന് 7-ം കേരളത്തിൽ 35-ം ആണെന്നും ഇൻഡ്യയിൽ 7 ആയിരിക്കുമ്പോൾ കേരളത്തിൽ 35 ജീവനക്കാർ ഒരു മെഗാവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്, വളരെയധികമാണെന്നും ഇത് നിറുത്തലാക്കണമെന്ന് ആവശ്യപ്പെടുകയും എല്ലാ ഇലക്ട്രിക്സിറ്റി ബോർഡുകളോടും ഇൻഡ്യാഗവൺമെൻറ് രാജാദ്ധ്യക്ഷ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് ഇനിയും ചാർജ്ജ് വർദ്ധിപ്പിക്കാതെ, ഭരണച്ചിലവുകൾ കുറയ്ക്കുന്നതിനു പുതിയ തസ്തികകൾ ഉണ്ടാക്കരുതെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുമാണ് ഇക്കാര്യങ്ങൾ ചെയ്തിട്ടുള്ളത് .

ശ്രീ. കെ. പി. പ്രഭാകരൻ : ഞാൻ ചോദിക്കുന്നത് ഈ കുറവ് വരുത്തിയത് സംബന്ധിച്ചാണ്. അതിന്റെ ഒരു ഭാഗത്തിന് മറുപടി പറഞ്ഞില്ല, അതു കഴിഞ്ഞിട്ടാണ് എന്റെ രണ്ടാമത്തെ ചോദ്യം. 1978-ൽ ഉണ്ടായിരുന്ന വർക്ക് നോംസ് അനുസരിച്ച് യൂണിയനുകളുമായി ഉണ്ടാക്കിയ എഗ്രിമെൻറ് എന്തെങ്കിലും ഭേദഗതി ചെയ്തത് യൂണിയനുകളുടെ അംഗീകാരത്തോടുകൂടിയാണോയെന്നുള്ള ചോദ്യത്തിന് മറുപടി പറഞ്ഞില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : യൂണിയനുകളുടെ അംഗീകാരം അതായത്—വർക്ക് നോംസിൽ വ്യത്യാസം വരുത്തിയതിനെക്കുറിച്ച് ഞാൻ പറഞ്ഞു. ആവർത്തനസ്വഭാവമുള്ളവ വേണ്ടെന്നുള്ളതുകൊണ്ടും അനാവശ്യമായ ജോലികൾ വേണ്ടെന്നുവച്ചതുകൊണ്ടും അതിന്റെ ആവശ്യമുണ്ടായില്ല. യാതൊരു ജോലിഭാരവും ഇതുമൂലം വർദ്ധിച്ചതായിട്ടോ ഇതിനെസംബന്ധിച്ച് ഗവൺമെൻറിനോ ബോർഡിനോ അഭിപ്രായമില്ല. അതിനുശേഷം ദീർഘകാലക്കരാർ പിന്നെയും ഉണ്ടാക്കി. ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതായി വന്നിട്ടില്ല. ജീവനക്കാർ ശമ്പളത്തിലും ആനുകൂല്യത്തിലും പരിപൂർണ്ണ സംതൃപ്തരാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : ശമ്പളത്തിലും ആനുകൂല്യങ്ങളിലും ജീവനക്കാർ സംതൃപ്തരാണെന്ന് പറഞ്ഞത് നിഷേധിക്കുകയാണ്. വെറുതേ അസംബ്ലിയിൽ വന്നിട്ട് എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ നമ്മുടെ സംസ്ഥാനത്ത് പവർകട്ട് അനിവാര്യമായിട്ടുള്ള ഈ സാഹചര്യം ജോലിക്കാരുടെ എണ്ണം കണ്ടമാനം വെട്ടിക്കുറച്ചതിന്റെ ഫലം കൂടിയാണ്. ഇന്നിപ്പോൾ. ലൈൻ നഷ്ടം അഖിലേൻഡ്യാ ശരാശരി 21 ശതമാനമാണ്. നമ്മുടെ സ്റ്റേറ്റിൽ 1985-ൽ അത് 29 ശതമാനമായി വച്ചിരിക്കുകയാണ്. ദേശീയ ശരാശരി ലെവലിലേക്കെങ്കിലും കൊണ്ടുവരാൻ ഒരു 8 ശതമാനം എങ്കിലും കുറയണം. 393 ദശലക്ഷം യൂണിറ്റ്-അതുകൊണ്ടുമാത്രം 25 ദിവത്തേക്ക് ആവശ്യമായിട്ടുള്ള വിദ്യുച്ഛക്തി അപ്രകാരം ലഭിക്കാൻ കഴിയുന്നതാണ്. ഏതാനും ജോലിക്കാരോടുള്ള പ്രതികാരംമൂലം ജോലി വെട്ടിക്കുറയ്ക്കുവാനുള്ള നടപടിയുടെ ഫലമായിട്ട് നമുക്ക് ലക്ഷക്കണക്കിന് യൂണിറ്റ് വിദ്യുച്ഛക്തിയാണ് നഷ്ടപ്പെടുന്നത്. അതിന് ശരിയായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

മെയിൻറനൻസും അതിനാവശ്യമായ സംരക്ഷണനടപടിയും , ഇല്ലാത്തതിന്റെ ഫലമായിട്ട് ഈ ജോലിക്കാരുടെ എണ്ണം കുറയ്ക്കുവാൻ അതിന്റെ കാരണം എന്താണെന്നുള്ള വസ്തുത മന്ത്രി പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അത് ശരിയല്ല. ജോലിക്കാരും ട്രാൻസ്മിഷൻ ലൈനുമായി യാതൊരു ബന്ധവുമില്ല. ഈ വെയിസ്റ്റേജ് മുഴുവൻ വരുന്നത് നമ്മുടെ പ്രസരണ ലൈനുകളും—അതായത് 66,110,220 കെ. വി. ലൈനുകളിലാണ്. ആ ലൈനുകളും ഈ ജോലിക്കാരുമായി ബന്ധമില്ല. ലൈനുകളെ സപ്പിമെന്റു ചെയ്യുകയും, ലൈനുകളുടെ കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യേണ്ട പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ജോലിക്കാരുമായി ബന്ധമില്ല. ട്രാൻസ്മിഷൻ ലൈനുകളിൽ വരുന്ന വ്യത്യാസമാണ്. ജീവനക്കാരുടെ എണ്ണം കുറച്ചതുകൊണ്ട് ഒരു ജീവനക്കാരനേയും പിരിച്ചുവിട്ടിട്ടില്ല. പുതിയ റിക്രൂട്ടുമെന്റിന്റെ ആവശ്യമുള്ള സ്ഥലങ്ങളിൽ ജീവനക്കാരെ നിയമിക്കുകയും ചെയ്തുവെന്ന് മാത്രമേയുള്ളു. അതല്ലാതെ ജീവനക്കാരെ ആരേയും പിരിച്ചുവിട്ടിട്ടില്ല. സർപ്ലസ് ഹാൻസിനെ മറ്റുജോലിക്കായ്ക്ക് വിട്ടു. എല്ലാമാസവും മീറ്റർ റീഡിംഗ് എടുത്തുകൊണ്ടിരുന്നത് ആറുമാസത്തിലൊരിക്കൽ മതിയെന്ന് തീരുമാനിച്ചതിൽ (അത് അങ്ങനെയോ മന്ത്രിയായിരുന്ന കാലത്തും 100 യൂണിറ്റുകം വരെയുള്ളവർക്ക് ഉണ്ടായിരുന്നതാണ്) അവരെ പിന്നെ എങ്ങനെ ജോലിക്ക് നിയോഗിക്കും ? ജോലിയില്ലാതെ എങ്ങനെ ജോലിക്കാരെ ജോലിചെയ്യാൻ നിയോഗിക്കും ? ജോലിയുള്ള സ്ഥലങ്ങളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അതും ട്രാൻസ്മിഷൻ ലോസുമായി യാതൊരു ബന്ധവുമില്ല.

Dr. A. Subba Rao: Sir, May I know how many new Executive Posts (higher posts) have been sanctioned during this year ? What is the saving as a result of cancelling the 8938 lower grade posts ?

Minister for Electricity (**Shri R. Balakrishna Pillai**) : Sir, I am sorry, I am not able to answer the Hon'ble Member's question straight away I am not able to give him the exact number of Executive Posts that have been sanctioned during this year. But one thing I can say that, we calculate it as Rs. 1000 for one post. If it is 6000 posts or 8000 posts abouts it will be 6 crores or 6½ crores of rupees by way of establishment charges of the Electricity Board.

Dr. A. Subba Rao : Sir, may I know whether the Minister is aware that due to the abolition of the REC and the Construction Wings in the Department, all the works of the REC, SPA and the normal construction and extension works have been delayed, and as a result of this delay, there is a lot of discontent among the people, and if that is so what is the measure that the Government proposes to take ?

Minister for Electricity (**Shri R. Balakrishna Pillai**) : Sir, the fact is, no REC fund is wasted. Whatever amount that is being sanctioned by the Rural Electrification Corporation for extending lines, constructing lines etc. is being utilised fully by the Electricity Board. There is no lapse.

ശ്രീ. വി. കെ. രാജൻ : ഇലക്ട്രിസിറ്റി ബോർഡിൽ അനാവശ്യ ജോലികം ഇല്ലാതാക്കി ആവർത്തന ജോലികം ഒഴിവാക്കി അങ്ങനെ രേണ ചെലവം

LIBRARY ARCHIVES Kerala Legislative Assembly

കാര്യമായി കുറച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ പറഞ്ഞു. ഇപ്പോൾ കറൻറു ചാർജ് ഇതിനിടെ പലതവണ വർദ്ധിപ്പിച്ചു. അതിന് കാരണമെന്താണ് ? പലകാരണങ്ങളാൽ ഭരണച്ചെലവ് കുറച്ചു ഇപ്പോൾ ആറര കോടി രൂപയോളം കറൻറു ചാർജ് വർദ്ധനവിൽ കൂടുതൽ ഈടാക്കി. അങ്ങനെ ഭരണച്ചെലവ് കുറഞ്ഞ സാഹചര്യത്തിൽ ഉപഭോക്താക്കളിൽനിന്ന് കറൻറ് ചാർജ് കൂടുതൽ ഈടാക്കി എടുക്കാനുള്ള നടപടിയുടെ കാരണമെന്താണ് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കഴിഞ്ഞ നാലു നാലര വർഷങ്ങൾക്കിടയിൽ ജീവനക്കാരുടെ ശമ്പളമിനത്തിലും പ്രൊമോഷൻ തസ്തിക സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിലും ഏതാണ്ട് പതിനഞ്ചു കോടി രൂപയോളം ഈ രംഗത്ത് ചെലവുണ്ടായിട്ടുണ്ട്. ജീവനക്കാർക്ക് ഡി. എ. വർദ്ധിപ്പിച്ചതും ഈയടുത്ത കാലത്ത് ഉണ്ടാക്കിയ ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി ചില തസ്തികകൾ ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിലും ഏതാണ്ട് ഒരു വർഷം പതിമൂന്നിനും പതിനഞ്ചിനും ഇടയ്ക്ക് കോടി രൂപയുടെ ചെലവ്, വർദ്ധനവ് ആ രംഗത്ത് ഉണ്ടായിട്ടുണ്ട്.

ശ്രീ. പി. കെ. രാജൻ : ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള കേരളത്തിലെ തൊഴിലില്ലായ്മയെപ്പറ്റി മുതലക്കണ്ണീർ ഒഴുക്കുന്ന മന്ത്രിയാണ്. പഞ്ചാബ് മോഡൽ പ്രസംഗത്തിനു കുപ്രസിദ്ധിയാർജിച്ച ശ്രീ. ബാലകൃഷ്ണപിള്ള 7500 ഓളം തസ്തികകൾ നിറുത്തലാക്കി 1000-ൽ പരിലധികം നിയമിച്ചു ഇത് ആരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ് നിങ്ങൾ ഈ കള്ള പ്രചാരവേല നടത്തുന്നത്. ഇവിടെ ഇലക്ട്രിസിറ്റി ബോർഡിൽ കംപ്യൂട്ടർ കൂടി ഏർപ്പെടുത്തി ഇനിയും ആളുകളെ തൊഴിലില്ലാതെ തെരുവിലിറക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ ഒരു നടപടി സ്വീകരിക്കാൻ നിങ്ങളെ പ്രേരിപ്പിച്ച സംഗതി എന്താണ് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഒറ്റ ജീവനക്കാരെയും പിരിച്ചുവിട്ടില്ല. ജോലിയില്ലാത്തവർക്ക് ജോലി കൊടുക്കണമെന്ന് ബാലകൃഷ്ണപിള്ള പ്രസംഗിച്ചില്ല. ജോലിയുണ്ടാക്കി ജോലി കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ജോലി ഉണ്ടാക്കാനുള്ള സാഹചര്യങ്ങൾ ഈ രാജ്യത്ത് വർദ്ധിപ്പിക്കണം എന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ നയം. അല്ലാതെ ജോലി ചെയ്യാതെ ശമ്പളം കൊടുക്കണം എന്നുള്ളതല്ല ഈ ഗവൺമെൻറിന്റെ നയം.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇലക്ട്രിസിറ്റി ബോർഡിൽ തസ്തികകൾ ഒഴിവുണ്ടെന്ന് പി. എസ്. സി. യെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പി. എസ്. സി. ഇൻറർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ? ഏതെല്ലാം വിഭാഗത്തിൽ അങ്ങനെ തസ്തിക ഒഴിവുണ്ട് എന്ന് അറിയിച്ചതിനെ തുടർന്നാണ് ഇത് നടത്തിയിട്ടുള്ളത്. പി. എസ്. സി. റാങ്ക് ലിസ്റ്റ് പുറപ്പെടുവിച്ചതിനുശേഷം ആ തസ്തികകൾ നികത്തുന്നതിനുപകരം ആ തസ്തികകൾ നികത്താതെ വീണ്ടും തസ്തികകൾ ഒഴിവാക്കുന്നതിനും ആളുകളെ ജോലി ഭാരം ലഘൂകരിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ പിരിച്ചു വിടുന്നതിന്റെയും ന്യായമെന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആരെയും പിരിച്ചു വിട്ടില്ലായെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. ഇത് ഞാൻ ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനുവേണ്ടി പറയുകയാണ്. പുതിയതായി ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

റിക്രൂട്ട് ചെയ്യുന്നത് പബ്ലിക് സർവ്വീസ് കമ്മിഷന്റെ ലിസ്റ്റുണ്ടെങ്കിൽ വേക്കൻസി അനുസരിച്ച് ആ ലിസ്റ്റിൽ നിന്നു മാത്രമേ എടുക്കുകയുള്ളു. എതായാലും ഈ ഗവൺമെന്റ് പുറം വാതിലിൽക്കൂടി ആരെയും ഇലക്ട്രിസിറ്റി ബോർഡിൽ പ്രവേശിപ്പിക്കുകയില്ലെന്ന് മാത്രം ഞാൻ പറയുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇവിടെ ആരെയും പിരിച്ചുവിട്ടിട്ടില്ലെന്ന് മന്ത്രി പറഞ്ഞു. "പുതിയ വ്യവസായങ്ങൾ ആരംഭിച്ചു തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കണം എന്ന കാര്യത്തിൽ വലിയ വാശിക്കാരനാണ് നമ്മുടെ മന്ത്രി, ഇവിടെ കോച്ച് ഫാക്ടറി കേരളത്തിന് കിട്ടും എന്ന ഒരു സാഹചര്യത്തിൽ അതിനെക്കുറിച്ചൊക്കെ വളരെ വാചാലമായി പറഞ്ഞ മന്ത്രിയാണ്, കോച്ച് ഫാക്ടറി നമുക്ക് നഷ്ടപ്പെട്ട അവസരത്തിൽ പത്തു മുപ്പതിനായിരം ചെറുപ്പക്കാർക്ക് തൊഴിൽ നിഷേധിച്ചു എന്നതിന്റെ പേരിൽ ധർമ്മിക രോഷം കൊണ്ട മന്ത്രി തന്റെ ഡിപ്പാർട്ടുമെന്റിൽ ഇപ്പോഴും കംപ്യൂട്ടർ നടപ്പിലാക്കാൻ തീരുമാനിക്കുകയും അങ്ങനെ എത്ര പുതിയ തൊഴിലാളികൾക്ക് ഇതിൽ തൊഴിൽ സാദ്ധ്യത നഷ്ടപ്പെടുമെന്നും അത്തരം ആശങ്കയിൽ ഇതുമായി ബന്ധപ്പെടുത്തി എന്താണ് അദ്ദേഹത്തിന്റെ സമീപനമെന്നും വിശദീകരിക്കാൻ കഴിയുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ജീവനക്കാരെ അനാവശ്യമായി നിയമിച്ച് ഒരു പൊതുമേഖലാ സ്ഥാപനവും നശിപ്പിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. മാത്രവുമല്ല ഇന്ന് നിലവിലുള്ള വിദ്യുച്ഛക്തി നിരക്കുകൾ വർദ്ധിപ്പിച്ച് ഇരുപത്തിയഞ്ചു ലക്ഷം ഉപഭോക്താക്കൾക്ക് കൂടുതൽ സാമ്പത്തികമായ ഭാരം പുതിയ ജീവനക്കാരെ നിയമിക്കുന്നതുമൂലം ഉണ്ടാക്കാനും ഉദ്ദേശിക്കുന്നില്ല. ഇന്ത്യയിലാകെ നിലവിലിരിക്കുന്ന നിബന്ധനകൾക്ക് അനുസരണമായി വിദ്യുച്ഛക്തി ബോർഡുകൾ മൂന്നു ശതമാനം ലാഭം ഉണ്ടാക്കിക്കൊള്ളണമെന്നുള്ള പാർലമെന്റിന്റെ അവസാനത്തെ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ബോർഡ് ബാദ്ധ്യസ്ഥമാണ്. ജീവനക്കാരെ നിയമിക്കാൻ വേണ്ടി തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യമല്ല. തൊഴിലവസരങ്ങൾ ഉണ്ടാക്കി ആളുകൾക്ക് ജോലി കൊടുക്കാൻ മാത്രമേ കഴിയൂ. വിദ്യുച്ഛക്തി ബോർഡിലും തൊഴിലവസരങ്ങൾ ഉണ്ടാകുമെങ്കിൽ അന്ന് ജോലി കൊടുക്കാം എന്നുള്ളതല്ലാതെ ജോലിക്കുവേണ്ടി വിദ്യുച്ഛക്തി ബോർഡിൽ തസ്തികകൾ സൃഷ്ടിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ നയമല്ല. വിദ്യുച്ഛക്തി ബോർഡിന്റെ നയമല്ല ഇന്ത്യാ ഗവൺമെന്റ് അനുവദിക്കുന്ന നയവുമല്ല.

ശ്രീ. കെ. സി. ജോസഫ് : ഇവിടെ ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യക്ഷമതയില്ലായ്മയെപ്പറ്റി പലരും പറയുകയുണ്ടായി. സമയത്തു ബില്ലു കൊടുക്കാതിരിക്കുക, ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ് കൊടുക്കുക എന്നുള്ള ആക്ഷേപങ്ങൾ പലപ്പോഴും ഉയർന്നുവന്നിട്ടുണ്ട്. ഇവിടെത്തന്നെ മന്ത്രി പറഞ്ഞു നമ്മുടെ വൈദ്യുതി ഉൽപ്പാദന ചെലവിനേക്കാൾ എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് കൂടുതലാണ് എന്ന്. ഇതെല്ലാം പരിശോധിച്ചു കൊണ്ട് ഈ ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി നിലവിലുള്ള ജോലിക്കാർക്ക് ജോലി നഷ്ടപ്പെടാത്ത തരത്തിൽ കംപ്യൂട്ടറൈസേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കംപ്യൂട്ടറൈസേഷൻ ആവശ്യമുള്ള അതായത് കംപ്യൂട്ടറൈസേഷൻ നടത്താവുന്ന ചില മേഖലകളുണ്ട്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ കംപ്യൂട്ടറൈസേഷൻ നടത്താൻ കഴിയുകയുള്ളൂ. എല്ലായിടത്തും കംപ്യൂട്ടറൈസേഷൻ നടത്താൻ കഴിയുകയില്ല. അങ്ങനെ കംപ്യൂട്ടറൈസേഷൻ നടത്തേണ്ട ആവശ്യം ചില മേഖലകളിൽ ഉണ്ടാകുന്നപക്ഷം അത് ഗവൺമെന്റ് ഒരു പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതാണ്. ഇപ്പോഴത്തെ വിദ്യുച്ഛക്തി ബോർഡിനെ സംബന്ധിച്ചിടത്തോളം ഈ കാര്യക്ഷമതക്ക് ഒരു കുറവുമില്ല. സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം കളക്ഷൻ സൊക്കെ റഗുലറായിട്ട് വരുന്നുണ്ട്.

ശ്രീ. ഇ. കെ. നായനാർ : മന്ത്രി പറഞ്ഞത് നാലര വർഷത്തിനകം 8938 പേരെ പിരിച്ചുവിട്ടില്ല എന്നാണ്. നിരുത്തലാക്കിയാൽ അവർ ആകാശത്തിലേക്കാണോ പോവുക. മാത്രമല്ല പുതിയ പ്രോജക്ടുകളും ഉണ്ടായിട്ടുമില്ല. ഇപ്പോൾ 26 ലക്ഷം തൊഴിലില്ലാത്തവരുണ്ട്. അതിന്റെ കൂടെ 8000-വും ഉൾപ്പെടുത്താം. ഇത് മന്ത്രിയുടെ മറുപടിയാണ്. പുതിയ പ്രോജക്ടുകളും ഇല്ലാതെ, അതും പൊളിച്ച് നിരുത്തലാക്കി 8000 പേർക്ക് ജോലിയും നിരുത്തി, കംപ്യൂട്ടർ നടപ്പാക്കി ഇത്തരം തകർച്ചയിലേക്ക് വിദ്യുച്ഛക്തി വകുപ്പിനെ നയിക്കാൻ ഇടവന്നതിന്റെ സാഹചര്യമെന്താണ് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 1980 വരെ നഷ്ടത്തിൽ നടന്നു കൊണ്ടിരുന്ന വിദ്യുച്ഛക്തി ബോർഡ് ഇപ്പോൾ ലാഭത്തിലാണ് നടക്കുന്നത്. അതുപോലെ തന്നെ അവർ ആകാശത്തിലല്ല ഇലക്ട്രിസിറ്റി ബോർഡിൽത്തന്നെ ജോലി ചെയ്യുകയാണ്. ഒരാളെയും പിരിച്ചുവിട്ടിട്ടില്ല. ആ ലിസ്റ്റിലുണ്ട്. അതു വായിച്ചാൽ അറിയാം. സർപ്ലസ് പൂളിൽ നിൽക്കുകയാണ്. വേക്കൻസി വരുന്നതനുസരിച്ച് അവരെ ആ തസ്തികകളിലേക്ക് നിയോഗിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാതെ ആരെയും പിരിച്ചുവിടുന്ന പ്രശ്നം ഉണ്ടായിട്ടില്ല. മാത്രമല്ല അവിടെ ഈ പിരിച്ചുവിട്ടു, നിരുത്തലാക്കി എന്നു പറയുന്നത് ആ ലിസ്റ്റ് പരിശോധിച്ചാൽ അറിയാം. ഉദാഹരണം ഞാൻ പറയാം. ഇവിടെ 47 അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പോസ്റ്റ് നിരുത്തലാക്കി. അതായത് ആ പോസ്റ്റ് ആവശ്യമില്ലെങ്കിൽ പ്രോജക്ടിൽ അത് നിരുത്തലാക്കും. പിന്നീട് ആവശ്യമുള്ള സ്ഥലത്ത് ക്രിയേറ്റ് ചെയ്യും. ഇവിടെ തന്നെ ഉദാഹരണത്തിന് പല തസ്തികകളും ഉണ്ട്. 267 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അതുപോലെ ഡ്രൈവർമാരുടെ കാര്യം ഇവിടെ പറഞ്ഞിട്ടുണ്ട്. ഇത് ഓരോ തസ്തികകളും എടുത്താൽ കാണാം. ഇടമലയാർ പ്രോജക്ടിന്റെ പണി തീർന്നു. ഇടമലയാറിലെ തസ്തികകളും നിരുത്തലാക്കി. ആളുകളെ മറ്റു തസ്തികകളിലേക്ക് നിയമിക്കും. പൂയാംകുട്ടി പ്രോജക്ട് ഉണ്ടാകുമ്പോൾ പുതിയ തസ്തികകൾ ക്രിയേറ്റ് ചെയ്യും. അങ്ങനെയുള്ള ഒരു ഭരണ നടപടിയാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതെല്ലാം പിരിച്ചുവിട്ടതല്ല. എല്ലാ പോസ്റ്റുകളും റദ്ദാക്കി അവരെ വിട്ടതല്ല. അത് ഇതിനോട് ചേർന്നുള്ള അനുബന്ധം വായിച്ചു നോക്കിയാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കാണാൻ കഴിയും.

ശ്രീ. കെ. പി. എ. മജീദ് : വിദ്യുച്ഛക്തി ബോർഡിൽ പരമാവധി ചെലവ് കുറക്കുന്നതിന്റെ ഭാഗമായി, ആ തീരുമാനത്തിന്റെ വെളിച്ചത്തിൽ പുതിയതായി സെക്ഷൻ ഓഫീസ് തുറക്കാൻ കഴിയുന്ന ഒരു സ്ഥിതിയല്ല ഇന്നുള്ളത്. 15,000-ത്തോളം കൺസ്യൂമേഴ്സ് ഉള്ള മലപ്പുറം പോലുള്ള സെക്ഷൻ പോലുള്ള പ്രദേശങ്ങളിൽ കൺസ്യൂമേഴ്സിന്റെ പരമാവധി സൗകര്യം കണക്കിലെടുത്ത് അത്തരം സെക്ഷൻ വിഭജിച്ചു കൂടുതൽ സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ബോർഡ് ആലോചിക്കുമോ ? തീരുമാനം എടുക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മേജർ സെക്ഷൻ എന്നു പറയുന്നതു സാറ്റലൈറ്റ് സെക്ഷനുകളെ കൂടെ ചേർന്നുള്ള എണ്ണമാണ് അദ്ദേഹം പറഞ്ഞത്. മലപ്പുറം ഉൾപ്പെടെയുള്ളതാണ്. അടിസെക്ഷൻ ഇപ്പോഴുതന്നെയുണ്ട്. ചെറിയ ചെറിയ സെക്ഷൻസ് രണ്ടും മൂന്നും ചേർന്നാണ്, ഈ മേജർ സെക്ഷൻസ് വരുന്നത്. അതുകൂടാതെ 1800 ഓളം ഉപഭോക്താക്കളിൽ കൂടുതൽ വരുന്ന സെക്ഷനുകളിൽ ആ സ്ഥലത്ത് ഒരു ജൂനിയർ എഞ്ചിനീയർ ഓഫീസും ഇപ്പോൾ അനുവദിക്കുന്നുണ്ട്. ധാരാളം ജൂനിയർ എഞ്ചിനീയർ ഓഫീസ് തുടങ്ങിയിട്ടുണ്ട്. ഒരു കൃഷ്ണയ്യും കൃഷ്ണകളക്ഷൻ നടത്താൻ നിയമിക്കും. ആവശ്യമുള്ള ഉപഭോക്താക്കൾ സംസ്ഥാനത്ത് എവിടെ ഉണ്ടോ അവിടെയൊക്കെ ജനങ്ങൾക്ക് പണം അടയ്ക്കാനും കണക്ഷൻ കിട്ടാനും ഒരു ജൂനിയർ എഞ്ചിനീയർ ഓഫീസ് തുടങ്ങാനുള്ള ഒരു നിയമം ബോർഡിനുണ്ട്. അങ്ങനെ 100 കണക്കിന് ജൂനിയർ എഞ്ചിനീയർ ഓഫീസുകൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്. അത് നടന്നു കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ തൊഴിൽ തസ്തികകൾ ചുരുക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ആശ്രിതർക്ക് ജോലി കൊടുക്കുന്ന (ഡൈയിംഗ് ഹാർനസ്സ്) സംപ്രദായം നിറുത്തലാക്കിയിട്ടുണ്ടോ. ഇല്ലെങ്കിൽ കഴിഞ്ഞ ഒരു വർഷക്കാലമായി 28-29 പേരുടെ ഇൻറർവ്യൂ നടത്തി ബോർഡ് നിയമനം കൊടുക്കാതെ മനഃപൂർവ്വമായി തടസ്സപ്പെടുത്തുന്നതിന് എതിരെ നിലപാട് എടുക്കാത്തതെന്താണ് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ തസ്തികകൾ ഇല്ലാത്ത പലയിടത്തും ജോലി കൊടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഉദാഹരണം ടൈപ്പിസ്റ്റ്. ധാരാളം ടൈപ്പിസ്റ്റുകളുടെ ആപ്ലിക്കേഷനുണ്ട്. ടൈപ്പിസ്റ്റിന്റെ വേക്കൻസി നമുക്കില്ല. ഇവിടെ ക്ലർക്കിന്റെ പോസ്റ്റിനു ഗ്രാഡ്യുവേഷൻ വേണം. അപ്പോൾ എസ്. എസ്. എൽ. സി. പാസ്സായ പെൺകുട്ടികളോ മരിച്ചവരുടെ ഭാര്യമാരോ അപ്ലൈ ചെയ്താൽ അവർക്ക് കൊടുക്കാൻ തസ്തികകൾ വ്യവസ്ഥ ബോർഡിനില്ല. കാരണം അവരെ വർക്കറായി വയ്ക്കാൻ നിവർത്തിയില്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമമനുസരിച്ച് സൈക്ലിംഗ് അറിയുകയും പോസ്റ്റിൽ കയറുകയും ചെയ്യേണ്ടതാണ് ഈ വർക്കർ. അപ്പോൾ എസ്. എസ്. എൽസി. പാസ്സായ സ്ത്രീകൾക്ക് ജോലി കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. അവിടെ ഒരു തസ്തിക കൊടുക്കാൻ നിവർത്തിയില്ല. ടൈപ്പിസ്റ്റിന്റെ തസ്തികയും കൊടുക്കാൻ കഴിയാത്ത സ്ഥിതിയിലാണ് ഇപ്പോൾ. ബാക്കിയുള്ളതൊക്കെ മിക്കവാറും കൊടുക്കാനുള്ള ഏർപ്പാടുണ്ട്. പുരുഷൻമാരായിട്ടുള്ള ആളുകൾക്കൊക്കെ വർക്കറായിട്ടുള്ള നിയമനം കൊടുക്കുന്നുണ്ട്. ഈ ഒരു കാറ്റഗറിയിൽ മാത്രം കുറച്ച് ബുദ്ധിമുട്ടുണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : ഈ നിർത്തലാക്കിയ തസ്തികകളുടെ കൂട്ടത്തിൽ ലൈൻമാൻ എന്നുള്ള തസ്തിക ബോർഡ് നിർത്തലാക്കിയിട്ടുണ്ടോ? പുതുതായി പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റിലുള്ള ആളുകളെ ലൈൻമാനായിട്ടോ മറ്റേതെങ്കിലും കാറ്റഗറിയിലോ ഉൾപ്പെടുത്തി അവരെ നിയമിക്കുവാൻ ബോർഡോ ഗവൺമെന്റോ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ബോർഡിലെ ബഹുഭൂരിപക്ഷം യൂണിയനുകളുമായി ഉണ്ടാക്കിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ലൈൻമാൻ എന്നുള്ള തസ്തിക വെണ്ടെന്നു വച്ചു. ഈ ലൈൻമാൻ, സെക്കൻഡ് ഗ്രേഡ് ഓവർസീയർ എന്നീ തസ്തികകളൊക്കെ ഉൾപ്പെടുത്തി ആ കാറ്റഗറിക്ക് ഓവർസീയർ എന്ന് നാമകരണം ചെയ്യണമെന്ന് എഗ്രിമെന്റ് ചെയ്തതോടുകൂടി ലൈൻമാൻ എന്നുള്ള തസ്തിക ഇലക്ട്രിസിറ്റി ബോർഡിൽ ഇല്ലാതായി.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ തസ്തികകൾ കുറയാനായിട്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ രണ്ടു കാരണങ്ങളാണ് പറഞ്ഞത്. (ഒന്ന്) വേക്കൻസികളെല്ലാം ഇല്ലാതായതുകൊണ്ട് ഡൈവർട്ട് ചെയ്തത് അപ്പോയിന്റ് ചെയ്യുകയല്ലാതെ തസ്തികകൾ നിലനിർത്താൻ നിവർത്തിയില്ല. (രണ്ട്) ലോകരാജ്യങ്ങളിൽ ഒരു മെഗാവാട്ടിന് 3 വർക്കർ, ഇൻഡ്യയിലെ ആവറേജ് കണക്കനുസരിച്ച് ഒരു മെഗാവാട്ടിന് 7 വർക്കർ, കേരളത്തിലെ ഒരു മെഗാവാട്ട് പ്രൊഡക്ഷന് 35 വർക്കർ. ഇതിൽ ഏതാണ് ഇവിടെ ഇത് കുറയ്ക്കാനായിട്ട് ഉപയോഗിച്ചിട്ടുള്ളത്. ഒരു മെഗാവാട്ടിന് 35 വർക്കർ എന്നുള്ളത് കുറച്ചിട്ടുണ്ടോ ? കുറയ്ക്കാനായി ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, കുറച്ചിട്ടുണ്ട്. ഇപ്പോൾ ഓരോകേന്ദ്രം കണക്കനുസരിച്ച് ഒരു മെഗാവാട്ടിന് 25 എന്നുള്ള നിലയിലേക്ക് എത്തിയിട്ടുണ്ട്. 35-ൽ നിന്നും 25 ലേക്ക് വന്നിട്ടുണ്ട്. പക്ഷെ, ആഭ്യന്തര ഇൻഡ്യാ ആവറേജ് ഇപ്പോഴും 6.2 ആണ്. സർ, കഴിഞ്ഞ ഏതാനും വർഷമായി ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും കാര്യമായ റിക്രൂട്ടുമെന്റ് ഈ രംഗത്ത് നടക്കുന്നില്ല. വെസ്റ്റ് ബംഗാളിൽ മാത്രം ഇലക്ട്രിസിറ്റി ബോർഡിൽ സർപ്ലസ്സായി പ്രഖ്യാപിച്ചിട്ടുള്ള 37,000 ആളുകളുണ്ട്. തമിഴ്നാട്ടിൽ 30,000 ആളുകളുണ്ട്. ഇങ്ങനെ കുറച്ചുകുറച്ചുകൊണ്ടുവരികയാണ്. ഇന്ന് പല സംസ്ഥാനങ്ങളിലും രാജാദ്ധ്യക്ഷാ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഈ ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരുടെ പുതിയ റിക്രൂട്ടുമെന്റ് നിർത്തിവച്ചിരിക്കുകയാണ്. ആ നയം തന്നെയാണ് ഇവിടെയും അനുവർത്തിക്കുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, മരിച്ചുപോയവരുടെ ആശ്രിതർക്ക് ജോലി കൊടുക്കുന്ന കാര്യത്തെപ്പറ്റി പറഞ്ഞു. ഐ. റ്റി. ഐ. യും അതുപോലുള്ള പരീക്ഷാ യോഗ്യതകളുമുള്ള ആളുകളെ വർക്കറായി മാത്രമെ നിയമിക്കാവൂ എന്ന് പ്രത്യേക നിർദ്ദേശം വല്ലതുമുണ്ടോ ? ഞാൻ തന്നെ 6 മാസത്തിനു മുൻപ് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരാളുടെ നിവേദനം നടത്തുകയുണ്ടായി. അതിൻമേൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ആ കുടുംബം ദാരിദ്ര്യത്തിൽ കിടന്ന് കഷ്ടപ്പെടുകയാണ്. മനുഷ്യത്വം വിചാരിച്ചെങ്കിലും അത്തരം ആളുകളെ സഹായിച്ചുകൂടേ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഡയറക്ട് റിക്രൂട്ടുമെന്റുള്ള പോസ്റ്റുകളിൽ മാത്രമെ നിയമിക്കാനൊക്കൂ. നേരിട്ട് നിയമനമുള്ള തസ്തികകളിലെ നിയമിക്കാനൊക്കൂ. അല്ലാതെ ഉയർന്ന തസ്തികകളിൽ നിയമിക്കാൻ ഒക്കുകയില്ല. വർക്കേഴ്സ് സമ്മതിക്കുകയില്ല. യൂണിയനുകളുമായിട്ടുള്ള എഗ്രിമെന്റ് അങ്ങനെയാണ്. മാത്രമല്ല ഗവൺമെന്റിൽ നിലവിലിരിക്കുന്ന നയവും താഴെയുള്ള തസ്തികകളിൽ ഡൈയിംഗ് ഹാർനസ്സുമൂലം ഉള്ളവരെ നിയമിക്കണമെന്നാണ്. അങ്ങനെ വരുമ്പോൾ ഒരാളുടെ

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതയുടെ അടിസ്ഥാനത്തിൽ ഡയറക്ട് റിക്രൂട്ടുമെന്റുള്ള തസ്തികകളിൽ മാത്രമേ നിയമിക്കാൻ കഴിയൂ. പിന്നെ ഗ്രാഡ്വേറ്റാണെങ്കിൽ ജൂനിയർ അസിസ്റ്റന്റായി നിയമിക്കാം. പുരുഷനാണെങ്കിൽ അയാളുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ 18 വയസ്സു കഴിഞ്ഞാൽ അയാൾക്ക് വർക്കറായി ആദ്യം നിയമനം കൊടുക്കും. അതു കഴിഞ്ഞ് പ്രൊമോഷൻ കിട്ടി പോകാനല്ലാതെ മുകളിലുള്ള തസ്തികകളിൽ നിയമിക്കാൻ സാദ്ധ്യമല്ല.

ശ്രീ. ഒ. ഭരതൻ : സർ, പയ്യന്നൂരിൽ ഒരു പുതിയ ഡിവിഷൻ സ്ഥാപിക്കുന്നതിന് മന്ത്രി സമ്മതിക്കുകയും അതിനുവേണ്ടി കെട്ടിടം വാടകയ്ക്ക് എടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും അവിടെ പ്രവർത്തനം ആരംഭിക്കാതിരിക്കുന്നത് ഈ രാജാദ്ധ്യക്ഷൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണോയെന്നറിയാൻ താല്പര്യമുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഈ സഭയിലെ രണ്ട് അംഗങ്ങൾ ആ ഓഫീസ് തളിപ്പറമ്പിൽ വേണമെന്ന് ശക്തമായി എഴുതി തന്നു. പുതിയ ഓഫീസ് പയ്യന്നൂരിൽ അല്ല തളിപ്പറമ്പിൽ വേണമെന്നാണ് ആവശ്യപ്പെടുന്നത്. ഗവൺമെന്റ് ഇതിനെപ്പറ്റി ഒന്നുകൂടി പര്യാലോചിക്കുന്ന സമയത്ത് കോടതിയിൽ ഇതു സംബന്ധിച്ച് ഒരു കേസ് വരികയും ചെയ്തു. അതുകൊണ്ട് ആ കേസ്സിന്റെ തീരുമാനത്തിനുവേണ്ടി പ്രതീക്ഷിച്ചിരിക്കുകയാണ്. അപ്പോഴും പയ്യന്നൂരെന്നും തളിപ്പറമ്പെന്നും ഈ സഭയിൽ അഭിപ്രായവ്യത്യാസമുള്ള കാര്യമാണ്. ഏതായാലും കണ്ണൂർ ജില്ലയിലുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ എവിടെ വേണമെന്ന് ഒരു തീരുമാനമെടുത്താൽ മതി. ഗവൺമെന്റിന് അവിടെ സ്ഥാപിക്കുന്നതിന് സന്തോഷമാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ബോർഡല്ലെ തീരുമാനമെടുക്കേണ്ടത്. ഗവൺമെന്റിന് അല്ലല്ലോ അതിനുള്ള അധികാരമുള്ളത് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എന്നാൽ പിന്നെ ചോദ്യം ചോദിക്കേണ്ട കാര്യമില്ലല്ലോ. ഗവൺമെന്റിന് അധികാരമില്ല, ബോർഡിനാണ് അധികാരമെങ്കിൽ എന്നോട് ഇത് ചോദിക്കേണ്ട കാര്യമില്ല.

ശ്രീ. വി. ദിനകരൻ : സർ, സെൽഫ് എംപ്ലോയ്മെന്റ് സ്കീമനുസരിച്ച് വ്യവസായം തുടങ്ങുന്ന ചെറുപ്പക്കാർ ഉണ്ട്. വ്യവസായം തുടങ്ങുന്നതിന് കണക്ഷൻ കിട്ടുന്നതിനുവേണ്ടി കോൺട്രിബ്യൂഷൻ കൊടുക്കണമെന്ന് പറയുന്നുണ്ട്. ഈ ചെറുപ്പക്കാർക്ക് സ്വയംതൊഴിലിന്റെ അടിസ്ഥാനത്തിൽ വ്യവസായം തുടങ്ങുന്നതിന് കോൺട്രിബ്യൂഷൻ കൂടാതെ അവരെ സഹായിക്കാൻ ബോർഡ് വല്ല പദ്ധതിയും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, പ്രയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഇപ്പോഴും അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും കണക്ഷൻ കൊടുക്കണമെങ്കിൽ 100 കോടി രൂപ വേണം. 15 കോടിയാണുള്ളത്. 100 കോടി രൂപ ചെലവാക്കി വിദ്യുച്ഛക്തി ബോർഡിന് കണക്ഷൻ കൊടുക്കാൻ കഴിയുകയില്ല. യാതൊരു കാരണവശാലും സാദ്ധ്യമല്ല. 5,000 രൂപയിൽ താണ് ചെലവുള്ള കണക്ഷനുകൾക്ക് ഗവൺമെന്റ് ചെലവിൽ ഫ്രീയായി കൊടുക്കാമെന്ന് പറഞ്ഞിരിക്കുന്നു. അതു പ്രയോറിറ്റിയനുസരിച്ചു കൊടുക്കും. അതിൽകൂടുതൽ തുക കെട്ടിവെയ്ക്കാതെ കൊടുക്കാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. കൃഷ്ണൻ : സർ, വിദ്യുച്ഛക്തി മേഖലയുമായി ബന്ധപ്പെട്ട വയർമാൻമാർ, സൂപ്പർവൈസർമാർ തുടങ്ങി ഒരു ലക്ഷത്തോളം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്ക് വിദ്യുച്ഛക്തി ബോർഡിൽ ജോലിക്ക് മുൻഗണന കൊടുക്കണമെന്നുള്ളതു തുടങ്ങി 14 ആവശ്യങ്ങൾ ഉന്നയിച്ച് അവർ ഗവൺമെൻറിൽ നിവേദനം തന്നിട്ടുണ്ട്. ഇന്ന് സെക്രട്ടറിയേറ്റു പടിക്കൽ അവർ ധർണ്ണ നടത്താൻ പോകുകയാണ്. അതുകൊണ്ട് വിദ്യുച്ഛക്തി ബോർഡിൽ ഒഴിവു വരുമ്പോൾ വയർമാൻമാർക്ക് മുൻഗണന കൊടുക്കുന്നതിനെപ്പറ്റി ഗവൺമെൻറിന് ആലോചനയുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കുന്നവരെയല്ലാതെ വയർമാൻമാരെ വെളിയിൽനിന്നും നിയമിക്കാൻ സാദ്ധ്യമല്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റിൽ യോഗ്യതയുള്ള ആളുകൾ അപേക്ഷ കൊടുത്ത് ഇൻറർവ്യൂ നടത്തി വരുന്നവരുടെ കൂട്ടത്തിൽ അവരും കടന്നുവന്നാൽ ആ ലിസ്റ്റിൽനിന്നും കൊടുക്കുമെന്നല്ലാതെ നിയമസഭയുടെ മുൻപിൽ വയർമാൻമാർ സത്യാഗ്രഹം നടത്തിയാൽ എങ്ങനെയാണ് ജോലി കൊടുക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദാലി : സർ, കാസർകോട് മേഖലയിൽ പല ഇലക്ട്രിസിറ്റി ഓഫീസുകളിലും ഒഴിവുകൾ ധാരാളമുണ്ട്. ഇപ്പോൾ പല ഓഫീസുകളിലും പെൻഷൻ പറ്റിയ ഉദ്യോഗസ്ഥൻമാർ ജോലിചെയ്തുവരികയാണ്. അതുകൊണ്ട് അടിയന്തിരമായി ഒഴിവുകൾ നികത്തുന്നതിനു വേണ്ടി നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എൻെറ അറിവിൽപ്പെട്ടിടത്തോളം സംസ്ഥാനത്തുള്ള എല്ലാ ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാരുണ്ട്. എന്തെങ്കിലും ഓഫീസിൽ ഒഴിവുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചാൽ ഉടൻതന്നെ ജീവനക്കാരെ നിയമിച്ചുകൊടുക്കാം.

ശ്രീ. എ. വി. താമരാക്ഷൻ : സർ, തൊഴിൽ അവസരം ഉണ്ടാക്കുന്ന, ജോലി കൊടുക്കുന്ന നയമാണ് ഗവൺമെൻറിനുള്ളത് എന്നാണ് അസംബ്ലിയിൽ പ്രഖ്യാപിച്ചത്. ഇത് ഗവൺമെൻറിൻെറ കൊടുക്കൽ നയമാണോ, ഈ ഗവൺമെൻറ് തന്നെ വ്യവസായ വകുപ്പിൽ പുതുതായി നിർമ്മിച്ച നിരവധി വ്യവസായ സ്ഥാപനങ്ങളിൽ ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാത്തതിൻെറ ഫലമായി ഒരു വർഷത്തിലേറെയായി പ്രവർത്തിക്കാത്ത വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഇലക്ട്രിസിറ്റി ബോർഡിൻെറ കഴിവനുസരിച്ചും അതിൽ കൂടുതലും ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഓരോ കൊല്ലവും കണക്ഷൻ കൊടുത്തിട്ടുണ്ട്. 1980 മുതൽ ഓരോ വർഷവും കഴിവിൻെറ നാലിരട്ടി വീതം കണക്ഷനുകൾ കൊടുത്തിരിക്കുകയാണ്. ഇനിയും ഞങ്ങളുടെ കഴിവിൻെറ അടിസ്ഥാനത്തിൽ ചെയ്യാവുന്നതു മുഴുവൻ ചെയ്യും എന്നല്ലാതെ മുഴുവൻ ആളുകൾക്കും ചോദിക്കുന്നിടത്ത് കണക്ഷൻ കൊടുക്കാനുള്ള സാമ്പത്തികശേഷി വിദ്യുച്ഛക്തി ബോർഡിനില്ല. പ്ലാൻ ഫണ്ടിൻെറ ഏർപ്പാട് അനുസരിച്ച് വരുമാനത്തിൻെറ അടിസ്ഥാനത്തിലും പ്രത്യേകിച്ച് ഇക്കൊല്ലം മഴ കുറഞ്ഞതുമൂലമുള്ള വരുമാനത്തിൻെറ അടിസ്ഥാനത്തിലും ബോർഡിന് കഴിയില്ല. പരമാവധി അതായത് 15 കോടി രൂപ ചെലവാക്കേണ്ട ഇക്കൊല്ലം 30 കോടി വരെ ചെലവാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കുറച്ചുകൂടി ചെലവാക്കാനുള്ള ശ്രമം നടക്കുകയാണ്. കഴിയുന്നതും മുഴുവൻ കൊടുക്കുന്നതിനുള്ള പരിശ്രമമാണ് ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നത്.

കോഴം, കായൽക്കൃഷിക്കാർക്കു വിതരണം ചെയ്ത വളം സബ്സിഡി

* 132 [135] ശ്രീ. കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോഴനിലങ്ങളിലേയും കുട്ടനാട്ടെ കായൽ നിലങ്ങളിലേയും കൃഷിക്കാർക്ക് 1986-87 വർഷത്തേക്ക് വളം സബ്സിഡിയായി വിതരണം ചെയ്ത സംഖ്യയെത്ര ;

(ബി) ഇനി ബാക്കി കൊടുക്കാനുള്ള തുക എത്രയെന്നും, അത് എന്നു കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ) : സർ, (എ) 1986-87-ൽ സബ്സിഡി വിതരണം ചെയ്യുന്നതിനായി 35 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സബ്സിഡി വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) അനുവദിച്ചിട്ടുള്ള തുക അർഹതയുള്ള എല്ലാ കൃഷിക്കാർക്കും നൽകുന്നതിന് മതിയാകുകയില്ല. ഇതിലേയ്ക്കായി 37.61 ലക്ഷം രൂപകൂടി അധികമായി വേണ്ടിവരും. കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 37.61 ലക്ഷം രൂപകൂടി വേണ്ടിവരുമെന്ന് കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണ്. ഈ വളം സബ്സിഡി കുട്ടനാടൻ, തൃശ്ശൂർ കോഴനിലങ്ങൾക്ക് 1985 മുതൽ കൊടുക്കാൻ ഓഡറാക്കിയതിന്റെ അടിസ്ഥാനത്തിൽ എത്ര ഹെക്ടർ ഭൂമിയാണ് വളം സബ്സിഡിക്ക് അവകാശപ്പെട്ടത് എന്ന് കണക്കാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണല്ലോ ഈ കണക്കുകൂട്ടൽ ഉണ്ടാക്കിയത്. എത്ര ഹെക്ടർ കൃഷിക്കാണ് വളം സബ്സിഡി ഇപ്പോഴുള്ള നയമനുസരിച്ച് കൊടുക്കേണ്ടത്.

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, 66,000 ഹെക്ടർ സ്ഥലത്തിന്.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഈ 66,000 ഹെക്ടറിൽ തന്നെ 20,000 ഹെക്ടറിൽ അഡീഷണൽ ക്രോപ്സ് എടുക്കുന്നുണ്ട്. ഈ നിലങ്ങളിൽ കുട്ടനാട്ടിൽ 16,000 ഹെക്ടറും തൃശ്ശൂരിൽ 4,000 ഹെക്ടറും അഡീഷണൽ ക്രോപ്സ് എടുക്കുന്ന നിലങ്ങളാണ്. ഈ വളം സബ്സിഡി അനുവദിച്ചുകൊണ്ടുള്ള 21-1-1983-ലെ ഓർഡർ ഇപ്രകാരമാണ് "regular crops as well as the additional crop will be eligible for fertiliser subsidy" ഈ ഓർഡറിന്റെ അടിസ്ഥാനത്തിൽ 85 മുതൽ ഓരോ കൊല്ലവും സബ്സിഡി കൊടുത്തു. അപ്പോഴും അഡീഷണൽ ക്രോപ്സിനുകൂടി ഈ ഓർഡർ അനുസരിച്ച് സബ്സിഡി കൊടു[illegible]

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (134) കാണുക]

തസ്തിക	നിർത്തലാക്കിയത്	പുതുതായി അനുവദിച്ചത്
(1)	(2)	(3)
ചീഫ് എഞ്ചിനീയർ (സിവിൽ)	1	1
സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇല:)	1	2
സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ)	2	..
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല:)	10	9
എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	9	1
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല:)	47	267
,, (സിവിൽ)	119	5
അസിസ്റ്റൻറ് എഞ്ചിനീയർ (ഇല:)	114	26
,, (സിവിൽ)	87	7
കെമിക്കൽ എഞ്ചിനീയർ	1	..
ജനറൽ ഫോർമാൻ	3	..
റീജിയണൽ പേഴ്സണൽ ഓഫീസർ	2	..
സീനിയർ സൂപ്രണ്ട്	8	259
ഡിവിഷണൽ അക്കൗണ്ടൻറ്	20	9
സിവിൽ സർജൻ	1	..
അസിസ്റ്റൻറ് സർജൻ	1	..
വോളിബാൾ കോച്ച്	1	..
മെഡിക്കൽ ഓഫീസർ	1	..
സീനിയർ അക്കൗണ്ടൻറ് ഓഫീസർ	..	2
അക്കൗണ്ട്സ് ഓഫീസർ	..	37
സ്പെഷ്യൽ ഓഫീസർ (സ്പോർട്ട്സ്)	1	...
ഡെപ്യൂട്ടി സെക്രട്ടറി	1	..
അസിസ്റ്റൻറ് അക്കൗണ്ട്സ് ഓഫീസർ	29	1
ചീഫ് സ്റ്റോർ കീപ്പർ	5	5
സൂപ്രണ്ട് (സ്റ്റോഴ്സ്)	1	..
ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (ഇല:)	733	29
,, (സിവിൽ)	251	17
സെക്കൻറ് ഗ്രേഡ് ഓവർസിയർ (ഇല:)	1736	..
,, (സിവിൽ)	153	2

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
ലൈൻമാൻ	982	16
അസി: ലൈൻമാൻ	292	6
ലൈൻ ഹെൽപ്പർ	146	3
ഡ്രൈവർ	308	289
ഏസ്റ്റാബ്ലിഷ്മെന്റ് കോപ്പിസ്റ്റ്	142	..
ബ്ലൂ പ്രിന്റർ	16	..
കേബിൾ ജോയിന്റർ	2	..
ഇലക്ട്രിസിറ്റി വർക്കർ	48	..
വർക്കു സൂപ്രണ്ട്	45	..
ബോട്ടു ഡ്രൈവർ	1	..
ഓപ്പറേറ്റർ (എ)	11	..
,, (ബി)	11	..
,, (സി)	8	..
എച്ച്. ടി. ഓപ്പറേറ്റർ	1	..
മെക്കാനിക്ക് ,,	3	..
ഫിറ്റർ ,,	3	..
അസി: ഫിറ്റർ ,,	1	1
ഫിറ്റർ	3	..
വാൽവ് ഹൌസ് ഓപ്പറേറ്റർ	6	..
അസി: മെക്കാനിക്ക്	1	..
ഫോർമാൻ 2	17	..
ഫോർമാൻ 4	2	..
മീറ്റർ ടെസ്റ്റർ	3	..
ജൂനിയർ എഞ്ചിനീയർ (ഇല:)	..	16
ഫോർക്ക് ലിസ്റ്റ് ഓപ്പറേറ്റർ	..	1
എഞ്ചിൻ ഡ്രൈവർ	7	..
അസി: എഞ്ചിൻ ഡ്രൈവർ	2	..
റോളർ ഡ്രൈവർ	1	..
എച്ച്. ഇ. എം. ഇ. ഓപ്പറേറ്റർ	1	..
ഡാം സൂപ്രണ്ട്	1	..
ഫോർമാൻ	27	..
സീനിയർ അസി: ലൈൻമാൻ	4	..
എച്ച്. യു. വി. ഓപ്പറേറ്റർ	8	..
വേ ബ്രിഡ്ജ് ഓപ്പറേറ്റർ	1	..

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
എച്ച്. സി. ഇ. ഓപ്പറേറർ	53	..
ട്രക് ഓപ്പറേറർ	2	..
മീറർ റൂം ,,	1	..
ക്വോയിൽ വയൻറർ	3	..
വെൽഡർ	1	..
ജൂനിയർ സൂപ്രണ്ട്	338	19
ഗാർഡനർ	1	..
സീനിയർ അസിസ്റ്റൻറ്	943	93
ജൂനിയർ അസിസ്റ്റൻറ്	531	34
കാഷ്യർ	12	5
സ്റ്റോർ കീപ്പർ	81	41
അസി. സ്റ്റോർ കീപ്പർ	75	36
സ്റ്റെനോ ഗ്രാഫർ	15	10
ടൈപ്പിസ്റ്റ്	233	18
ക്ലറിക്കൽ അറൻറർ	122	..
ഫോർകോപ്പി സൂപ്രണ്ട്	1	..
ഓഫീസ് അറൻറൻറ്	947	31
വാച്ചുമാൻ	62	67
സ്വീപ്പർ	34	.
ഡ്യൂപ്ലിക്കേറർ ഓപ്പറേറർ	4	..
ലാസ്കർ	3	..
ഷെയർ ടേക്കർ	2	1
സ്വീപ്പർ കം ഗാർഡനർ	5	..
നേഴ്സ്	7	..
കമ്പൗണ്ടർ	2	..
അറൻഡർ	..	1
കുക്ക്	3	..
ഹോസ്പിറ്റൽ അറൻഡർ	6	..
നേഴ്സ് കം മിഡ്വൈഫ്	1	..
ബട്ലർ	1	..
ടെലി: ഓപ്പറേറർ	2	..
സ്കാവഞ്ചർ	2	..
അട്രിമം ഓപ്പറേറർ	1	..
സ്വീപ്പർ കം സ്കാവഞ്ചർ	1	..
റോട്ടാ പ്രൂഫ് ഓപ്പറേറർ	1	..
	8938	1367

കുറവു ചെയ്ത തസ്തിക— 7571 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly